**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1339** — **03-02-2026 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | **ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.**<br><br>**(1) ചാലക്കുടി ആനമല റോഡ് (ch.56/000 – ch.88/403)**<br><br>**ചാലക്കുടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10 കോടിയുടെ തത്വത്തിൽ ഭരണാനുമതിയും, 27.96 കോടി രൂപയുടെ സാമ്പത്തികാനുമതിയും, 28.32 കോടി രൂപയുടെ സാമ്പത്തികാനുമതിയും 21.01 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകി. പ്രസ്തുത പ്രവൃത്തി ആർ. പി. പി ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനിയുമായി ഉടമ്പടി വെച്ച് നിർമ്മാണം ആരംഭിച്ചു. ചാലക്കുടി - മലക്കപ്പാറ അന്തർസംസ്ഥാന പാതയിൽ (SH21) കമ്മാട്ടി മുതൽ മലക്കപ്പാറ വരെയുള്ള പ്രസ്തുത റോഡിന്റെ ആകെ നീളം 32.40 കിലോമീറ്റർ ആണ്. പ്രസ്തുത റോഡിന്റെ 22.175 കി. മീ., ബി. സി. ഓവർലേയും 10.225 കി. മീ., ആധുനിക രീതിയിൽ സബ് ബേസ്, വെറ്റ് മിക്സ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ഉപയോഗിച്ചുമാണ് നിർമ്മിച്ചിരിക്കുന്നത്. പ്രവൃത്തി 31/03/2025 - ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.**<br><br>**2) മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ്**<br><br>**ചാലക്കുടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, 31.23 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. തുടർന്ന് 30.17 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി. 12/06/2020 ന നിർമ്മാണം ആരംഭിച്ച പ്രവൃത്തി, റിസ്ക് ആൻഡ് കോസ്റ്റ്** |

**പ്രകാരം ടെർമിനേറ്റ് ചെയ്തു. തുടർന്ന് ബാലൻസ് പ്രവൃത്തികൾ ചെയ്യുന്നതിനുള്ള 39.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി നൽകുകയും 21.90 കോടി രൂപക്ക് ബാലൻസ് പ്രവൃത്തിക്കുള്ള സാങ്കേതിക അനുമ**തി **നൽകുകയും ചെയ്തു. തുടർന്ന് മത്സാരാധിഷ്ഠിത ദർഘാസ് ക്ഷണിക്കുകയും ബാബ് കൺസ്ട്രക്ഷൻസ് എന്ന കമ്പനിക്ക് ദർഘാസ് ഉറപ്പിക്കുകയും ഉടമ്പടി വെക്കുകയും ചെയ്തു. നിലവിൽ 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ നീളം 12.2 കി. മി ആണ്.**

**3 മലയോര ഹൈവെ വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെ**

കേരളത്തിൽ ഉടനീളമുള്ള മലയോരഹൈവെയുടെ നിർമ്മാണ പ്രവൃത്തിക്ക് 3500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ മലയോര പാതയുടെ 3 റീച്ചുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലെ മൂന്നാമത്തെ റീച്ച് ചാലക്കുടി മണ്ഡലത്തിൽ വെള്ളിക്കുളങ്ങര ജംഗ്ഷനിൽ നിന്നും ആരംഭിച്ച കോർമല രണ്ടുകൈ ചായപ്പൻകുഴി - വെറ്റിലപ്പാറ 13 വഴി 18.349 കിലോമീറ്റർ ദൂരം പിന്നിട്ട് വെറ്റിലപ്പാറ ബ്രിഡ്ജിൽ അവസാനിക്കുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് 124.69 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തിക അനുമതിയും 107.27 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകി. തുടർന്ന് ടി പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ ദർഘാസ് സമർപ്പിച്ച തെരുവത്ത് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന് കരാർ ഉറപ്പിക്കുകയും ചെയ്തു. തുടർന്ന് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. ഈ പ്രവർത്തിയുടെ പൂർത്തീകരണകാലാവധി 24 മാസമാണ്. നിലവിൽ 25% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**4 ചാലക്കുടി -മോതിരക്കണ്ണി റോഡ്**

ചാലക്കുടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, 30.56 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. ചാലക്കുടി വെള്ളിക്കുളങ്ങര റോഡിൽ മാവിൻച്ചുമട് ജംഗ്ഷനിൽ നിന്നാരംഭിച്ച് എളാപ്പള്ളി വരെ നീളുന്ന റോഡിന്റെ ആകെ നീളം 7.4 കി. മി ആണ്. പ്രസ്തുത പ്രവൃത്തി എഫ്. ഡി. ആർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ പ്രവൃത്തികൾ

| | | | |
|---|---|---|---|
| | | | സൈറ്റിൽ പുരോഗമിക്കുന്നു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തി ഒഴിവാക്കി നിലവിൽ ഉള്ള വീതിയിൽ റോഡ് പ്രവൃത്തി ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്.<br><br><u>5 പൂവത്തിങ്കൾ - വെള്ളൂക്കര റോഡ്</u><br><br>പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 12 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 43.04 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. പൂവത്തിങ്കൾ ജംഗ്ഷനിൽ നിന്നാരംഭിച്ച് വെള്ളൂക്കര വരെ നീളുന്ന റോഡിന്റെ ആകെ നീളം 9.155 കി. മി ആണ്. പ്രസ്തുത പ്രവൃത്തി എഫ്. ഡി.ആർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്<br><br><u>6 പാറക്കൂട്ടം പാലം</u><br><br>**തൃശ്ശൂർ ജില്ലയിലെ ചാലക്കുടി- കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പറയൻതോടിനു കുറുകെ നിർമ്മിക്കുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, 35.15 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. നിലവിൽ അതിർത്തി കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചു ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.**<br><br><u>7. കാഞ്ഞിരപ്പള്ളി കുന്നപ്പിള്ളി പാലം</u><br><br>**തൃശ്ശൂർ ജില്ലയിലെ ചാലക്കുടി പുഴക്ക് കുറുകെ നിർമ്മിക്കുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ DPR പൂർത്തീകരിച്ചു സമർപ്പിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 3.7 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായിട്ടുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്നും നിർമ്മാണം പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ? | (ബി) | <u>എ. പൂർത്തീകരിച്ച റോഡ്</u><br><br>ചാലക്കുടി ആനമല റോഡ് (56/000 - 88/403)<br><br><u>ബി. പുരോഗമിക്കുന്ന പ്രവൃത്തികൾ</u><br><br>നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നവ |

| | | | |
|---|---|---|---|
| | | | 1. മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ് (60%), മലയോര ഹൈവെ വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെ (25%)<br><br>2. ഭൂമിയേറ്റെടുക്കൽ പുരോഗമിക്കുന്ന പ്രവൃത്തികൾ - പൂവത്തിങ്കൾ -വെള്ളൂക്കര റോഡ്,പാറക്കുട്ടം പാലം<br><br>3. ഡി.പി.ആർ. ഘട്ടത്തിലുള്ള പ്രവൃത്തികൾ - കാഞ്ഞിരപ്പള്ളി കുന്നപ്പിള്ളി പാലം |

സെക്ഷൻ ഓഫീസർ